## V നിയമനിർമ്മാണ കാര്യം

### 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാറിന് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ഡി. സതീശന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

(നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കുന്നതിനായി നോട്ടീസ് നൽകിയിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. എം. രാജഗോപാലൻ, അങ്ങേയ്ക്ക് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-5-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 2 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ നിയമത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ആക്ടിന്റെ പല വകുപ്പുകളിലും ഭേദഗതികൾ അനിവാര്യമായിരിക്കുകയാണ്. പ്രത്യേകിച്ച് ഇന്ത്യ റിപ്പബ്ലിക്കായതിനു ശേഷം 68 സംവത്സരങ്ങൾ പൂർത്തീകരിക്കുന്ന ഘട്ടത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ചട്ടത്തിൽ വരുത്തേണ്ടതുണ്ട് എന്നതിലാണ് ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് 1951 പ്രാബല്യത്തിൽ വന്നത് 1951 ആഗസ്റ്റ് 28-നാണ്. അന്നത്തെ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായ മലബാറിനുകൂടി ബാധകമാകുന്ന രീതിയിലായിരുന്നു പ്രസ്തുത നിയമം

ആവിഷ്കരിച്ചത്. മെച്ചപ്പെട്ട ഭരണ സംവിധാനവും മേൽനോട്ടവും ഉറപ്പുവരുത്തുക എന്നതായിരുന്നു ആക്ടിന്റെ ലക്ഷ്യമെങ്കിലും ഫലം തൃപ്തികരമായിരുന്നില്ല. 1951-ന് മുൻപ് പ്രത്യേക ബോർഡുകളായിരുന്നു ഈ കാര്യങ്ങളൊക്കെ നിയന്ത്രിച്ചിരുന്നത്. ഒരു ഘട്ടത്തിൽ കോടതിയുടെ പരാമർശത്തെത്തുടർന്നാണ് ഇത്തരം ഒരു ആക്ടിന് രൂപം നൽകേണ്ടി വന്നതെന്ന കാര്യവും ശ്രദ്ധേയമാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി മതപരവും ഭരണപരവുമായ പൗരാവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കൊണ്ടുവന്ന നിയമം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ കേന്ദ്രീകൃതവുമായിരുന്നു. ഇന്നുള്ള വൈരുദ്ധ്യം പണ്ടു മുതലേ ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഉഡുപ്പി ക്ഷേത്രം ഇതുസംബന്ധിച്ച് കോടതിയെ സമീപിച്ചിട്ടുണ്ട്. അക്കാലത്ത് തമിഴ്നാട് പൂർണ്ണമായും അവിഭക്ത ആന്ധ്രാപ്രദേശിന്റെ പ്രധാന ഭാഗങ്ങളും കർണ്ണാടകയുടെ പ്രധാനഭാഗങ്ങളും കേരളത്തിന്റെ പകുതിയോളവും ഇതിന്റെ പരിധിയിൽ വരുമായിരുന്നു. ഇന്നത്തെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകൾ പൂർണ്ണമായും അതോടൊപ്പംതന്നെ തൃശ്ശൂർ ജില്ലയുടെ കുറച്ച് ഭാഗവുമാണ് ഈ ബില്ലിന്റെ പരിധിയിൽ വരുന്നത്. കാലപ്പഴക്കം ചെന്ന ബിൽ കാലോചിതമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെതന്നെ അനിവാര്യതയായിട്ടാണ്

നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ സംസ്കാര രീതി മാറി. പുതിയ രീതികളാണ്. ജനകീയത കൈവന്നു. ഈ സന്ദർഭത്തിൽ 1954, 1959, 1963, 1967, 1968, 1981, 2008 എന്നീ വർഷങ്ങളിൽ കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ ബില്ലിൽ പ്രധാനപ്പെട്ട ഭേദഗതികൾ വരുത്തുകയുണ്ടായി. 1959-ലാണ് തമിഴ്നാട് ഗവൺമെന്റ് ഭേദഗതി ചെയ്തത്. 1963-ലാണ് കർണ്ണാടക ഗവൺമെന്റ് ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്തിയത്. കേരളത്തെ സംബന്ധിച്ചിടത്തോളം പകുതിയോളം ജില്ലകൾ ഇതിൽ ഉൾപ്പെടും. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് കൂടുതൽ ജനകീയത കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്തെ മുന്നേറ്റം, ജനാധിപത്യ മതനിരപേക്ഷ സാംസ്കാരിക പാരമ്പര്യം, കേരളീയ സമൂഹത്തിന്റെ സാമൂഹിക അവസ്ഥ പരിഹരിക്കുന്നതിന് നടത്തിയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ എന്നിവയിലൂടെ നേട്ടങ്ങൾ കൈവരിച്ച സാഹചര്യത്തിലാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. 1981-ലെ നിയമത്തിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന നിർദ്ദേശമാണ് വച്ചിട്ടുള്ളത്. പ്രാദേശിക സമിതികളിലെ അംഗങ്ങളുടെ എണ്ണം 5 ആയി പരിമിതപ്പെടുത്തിയിരിക്കുന്നത് 7 ആയി വർദ്ധിപ്പിക്കുന്നത് ഫലപ്രദമായി

പ്രവർത്തിക്കുന്നതിന് സഹായകമാകും. തീർച്ചയായും വളരെ പ്രസക്തമായ ഈ ഭേദഗതി നിർദ്ദേശത്തെ ഞാൻ പിന്താങ്ങുകയാണ്.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ 2 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ഏപ്രിൽ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.49-ന് പിരിഞ്ഞു.)